## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

നമ്പർ- ഇ5-14675/17 തീയതി: 11.08.2017

### സർക്കുലർ നമ്പർ- 20/ 2017-18

വിഷയം- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് – ജീവനക്കാര്യം- ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം- 2013 അനുശാസിക്കുന്ന മുൻഗണനാ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച്

സൂചന- സംസ്ഥാന ചീഫ് സെക്രട്ടറിയുടെ 05.08.2017 തീയതിയിലെ ഭ.പൊ.വി.വ-ബി3258/2017-ഭ.പൊ.വി.വ നമ്പർ സർക്കുലർ

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം-2013ന്റെ വെളിച്ചത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി സൂചന പ്രകാരം അറിയിച്ചതനുസരിച്ച് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ കീഴിലുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഉൾപ്പടെയുള്ള എല്ലാ ജീവനക്കാരും അവരവരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡിന്റെ പകർപ്പ് 20.08.2017 ന മുമ്പ് അതാത് ഓഫീസിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കുവാൻ അഭ്യർത്ഥിക്കുന്നു.

ജോലിക്കാര്യം മറച്ചുവച്ചോ അബദ്ധവശാലോ മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ ജീവനക്കാരുടെ റേഷൻ കാർഡ് നമ്പർ സഹിതമുള്ള റിപ്പോർട്ടും റേഷൻ കാർഡ് ഇല്ലെങ്കിൽ അക്കാര്യം സംബന്ധിച്ചുള്ള ജീവനക്കാരുടെ സത്യവാങ്മൂലവും വാങ്ങി 2017 ഓഗസ്റ്റ് 30 ന മുമ്പായി ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നൽകേണ്ടതും ആയതിന്റെ പകർപ്പ് ബോർഡോഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. അന്യത്ര സേവവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ ടി വിവരം അവരവരുടെ മാതൃവകുപ്പിലേയ്ക്ക് കൈമാറേണ്ടതാണ്. എല്ലാ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരും അവരവരുടെ അധികാര പരിധിയിലുള്ള ശേഖരിച്ച റേഷൻ കാർഡുകളുടെ പകർപ്പും, മതിയായ കാരണമില്ലാതെ റേഷൻകാർഡ് ഹാജരാക്കാത്ത ജീവനക്കാരുടെ വിശദാംശങ്ങളും 31.08.2017 ന മുമ്പായി ബോർഡോഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

ഈ സർക്കുലറിന് അടിയന്തിര പ്രാധാന്യമുണ്ട്.

(ഒപ്പ്)
**ചീഫ് എക്സിക്യൂട്ടീവ് (I/C)**

ഉള്ളടക്കം- സർക്കുലർ (പകർപ്പ്)

സ്വീകർത്താവ്-

ചെയർമാൻ
എല്ലാ കമ്മിറ്റി/ഉപകാര്യാലയം

പകർപ്പ്:

ഫിനാൻസ് ഓഫീസർ/സെക്രട്ടറി
അക്കൗണ്ട്സ് ഓഫീസർ (ഡബ്ല്യു &ഇ) (പി& എ) (ഐ&എ) (സ്കാറ്റേർഡ്)
ജെ.എസ്( ഫിനാൻസ്, ഓഡിറ്റ്, ക്യാഷ്)
ഇ1, ഇ3, ഇ5, സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

**കേരള സർക്കാർ**

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

നം.ഭ.പൊ.വി.വ-ബി3/258/2017- ഭ.പൊ.വി.വ

തിരുവനന്തപുരം,
തീയതി :05.08.17

## സർക്കുലർ

വിഷയം : ഭക്ഷ്യപൊതുവിതരണ(ബി) വകുപ്പ് - ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 - അനുശാസിക്കുന്ന മുൻഗണനാപട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച്.

ദേശീയഭക്ഷ്യ ഭദ്രതാനിയമം അനുശാസിക്കുന്ന പ്രകാരം കേരള സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പുതിയ റേഷൻകാർഡ് വിതരണം നടത്തി വരികയാണ്. മുൻഗണനാ പട്ടികയിൽ നിരവധി അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(1) സംസ്ഥാനത്തെ എല്ലാ സർക്കാർ / അർദ്ധസർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ, സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ അവരവരുടെ പേർ ഉൾപ്പെട്ട റേഷൻ കാർഡുകൾ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ 2017 ആഗസ്റ്റ് 20 ന് മുമ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മതിയായ കാരണമില്ലാതെ റേഷൻ കാർഡ് ഹാജരാക്കാത്ത ജീവനക്കാർക്കെതിരെ വകുപ്പ് അദ്ധ്യക്ഷൻമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ജോലിക്കാര്യം മറച്ചു വച്ചോ, അബദ്ധവശാലോ മുൻഗണനാപട്ടികയിൽ കടന്നു കൂടിയ ജീവനക്കാരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് 2017 ആഗസ്റ്റ് 30 ന് മുമ്പായി റിപ്പോർട്ടായി നൽകേണ്ടതാണ്.

(3) റേഷൻകാർഡ് സംബന്ധിച്ചും /റേഷൻ കാർഡ് ഇല്ലെങ്കിൽ അക്കാര്യം സംബന്ധിച്ചും ഉള്ള ജീവനക്കാരുടെ സത്യവാങ്മൂലം വാങ്ങി പരിശോധനയ്ക്കായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് ഡിസ്ബേഴ്സിംഗ് ഓഫീസർ നൽകേണ്ടതാണ്.

(4) സംസ്ഥാനത്ത് പെൻഷൻ / ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ റേഷൻ കാർഡുകൾ ബന്ധപ്പെട്ട ട്രഷറി / ബാങ്ക് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും, മുൻഗണനാ പട്ടികയിൽ കടന്നുകൂടിയവരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സംസ്ഥാനത്ത് ഏതെങ്കിലും റേഷൻ കാർഡിൽ പേർ ഉൾപ്പെട്ടിട്ടില്ലാത്തവരിൽ നിന്നും സത്യവാങ്മൂലം ഉൾപ്പെടെ അന്വേഷണത്തിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നൽകേണ്ടതാണ്

(5) സംസ്ഥാന, ജില്ലാ, പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും പെൻഷണർമാരുടെയും റേഷൻകാർഡുകൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ പരിശോധിക്കേണ്ടതും മുകളിൽ പരാമർശിച്ച പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതുമാണ് എന്ന് സഹകരണ രജിസ്ട്രാർ തന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.

(6) കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(7) എല്ലാ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് അധികാരികളും ബാങ്കിൽ നിന്ന് ശമ്പളം/പെൻഷൻ വാങ്ങുന്നവരെ ഇത് സംബന്ധിച്ച് ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (Audit) തിരുവനന്തപുരം
എല്ലാ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുകൾക്കും
(വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുന്നതിനായി)
എല്ലാ വകുപ്പുതലവൻമാർക്കും
സെക്രട്ടറി, കെ.പി.എസ്.സി. തിരുവനന്തപുരം
രജിസ്ട്രാർ,കേരള/കൊച്ചിൻ/കാലിക്കറ്റ്/എം.ജി./കണ്ണൂർ/സംസ്കൃതം/കാർഷികം/കുസാറ്റ്
മലയാളം/സാങ്കേതിക/ന്യുവാൽസ്/ആരോഗ്യ/ഫിഷറീസ്/വെറ്ററിനറി സർവ്വകലാശാലകൾ
എല്ലാ പൊതുമേഖല സ്ഥാപനങ്ങളുടേയും ചെയർമാൻ/എം.ഡി.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
എം.ഡി. കെ.എസ്.ആർ.ടി.സി.
എം.ഡി. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ
രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്,തിരുവനന്തപുരം
തിരുവിതാംകൂർ/കൊച്ചി/മലബാർ/ഗുരുവായൂർ/കൂടൽമാണിക്യം ദേവസ്വം ബോർഡുകൾ
രജിസ്ട്രാർ, ഹൈക്കോർട്ട്, എറണാകുളം
റീജിയണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ/യൂണിയൻബാങ്ക്/വിജയ ബാങ്ക്/
ഇൻഡ്യൻ ഓവർസീസ്ബാങ്ക്
അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ
സീനിയർ മാനേജർ, കാനറ ബാങ്ക്
ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ